LIBRARY ARCHIVES Kerala Legislative Assembly

നാഷണൽ ഗെയിംസ് ഉദ്യോഗസ്ഥർക്ക് ചെലവായ തുക

297 (303) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 35-ാം നാഷണൽ ഗെയിംസിന്റെ സി.ഇ.ഒ., പ്രിൻസിപ്പൽ കോ-ഓഡിറ്റർ എന്നിവർ ശമ്പളം/അലവൻസ്/ഓണറേറിയം/ടി.എ./ഡി.എ./മറ്റിനങ്ങൾ-എന്നിങ്ങനെ വിവിധ ഇനങ്ങളിൽ കൈപ്പറ്റിയ തുക, ഇനം, തസ്തിക എന്നിവ തിരിച്ച് ലഭ്യമാക്കുമോ;

(ബി) മേൽപ്പറഞ്ഞ ഓരോരുത്തരും കൈപ്പറ്റിയ ആകെ തുക വെവ്വേറെ ലഭ്യമാക്കുമോ ?

ഉത്തരം

(എ&ബി) 35-ാം ദേശീയ ഗെയിംസ് നടത്തിപ്പിനായി രൂപീകരിച്ച ദേശീയ ഗെയിംസ് സെക്രട്ടേറിയറ്റിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായിരുന്ന ശ്രീമതി എം.എസ്.ജയ ഐ.എ.എസ്. 2009 നവംബർ മുതൽ 2010 ജൂൺ വരെ ശമ്പളവും അലവൻസുമായി 2,36,718 രൂപയും യാത്രാബത്തയായി 21,960 രൂപയും കൈപ്പറ്റിയിട്ടുണ്ട്. 2010 ജൂൺ മുതൽ 2012 ഒക്ടോബർ വരെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ ചാർജ്ജ് വഹിച്ചിരുന്ന ഡോ.അമിത് മല്ലിക് ഐ.എഫ്.എസ്. യാത്രാബത്തയായി 2,60,938 രൂപ കൈപ്പറ്റിയിട്ടുണ്ട്. 2012-ഒക്ടോബർ 15 മുതൽ ദേശീയ ഗെയിംസ് സെക്രട്ടേറിയറ്റിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറും ചീഫ് കമ്മീഷണർ ആന്റ് പ്രിൻസിപ്പൽ കോ-ഓർഡിനേറ്ററുമായി പ്രവർത്തിച്ചുവരുന്ന ശ്രീ. ജേക്കബ് പുന്നൂസ് ഐ.പി.എസ്.(റിട്ട.) 2015 ഫെബ്രുവരി 15 വരെ ശമ്പളവും അലവൻസുമായി 33,28,560 രൂപയും, യാത്രാബത്തയിനത്തിൽ 1,11,815 രൂപയും കൈപ്പറ്റിയിട്ടുണ്ട്.

തലസ്ഥാന നഗരിയിലെ അനധികൃത പൊളിച്ചുമാറ്റൽ

298 (304) ശ്രീ. സി. മോയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തലസ്ഥാന നഗരിയിൽ വെള്ളയമ്പലത്ത് ഉണ്ടായിരുന്ന നീന്തൽ കുളവും, അനുബന്ധ കെട്ടിടങ്ങളും വിപുലീകരണത്തിനെന്ന പേരിൽ പൊളിച്ചുമാറ്റിയത് എന്നാണ്; ആ തീരുമാനം കൈക്കൊണ്ടത് ആരെല്ലാമാണ്; പൊളിച്ചുമാറ്റിയതിനു ശേഷം ഫണ്ടിൽ നിന്ന്; എത്ര തുക ചെലവാക്കി;

(ബി) നീന്തൽ കുളം വിപുലീകരണത്തിന്റെ ഭാഗമായി ജിമ്മി ജോർജ്ജ് ഇൻഡോർ സ്റ്റേഡിയത്തിനു സമീപം കഴിച്ചതിനും, അടിയിൽ പൈപ്പ് ലൈൻ ഉള്ളതിനാൽ നിർമ്മാണം ഉപേക്ഷിച്ചതിനും എത്ര തുക ചെലവായി; ഇതു സംബന്ധമായ തീരുമാനങ്ങൾ കൈക്കൊണ്ടത് ആരെല്ലാം ; ഏതെല്ലാം തീയതികളിൽ;

(സി) പൊളിച്ചു മാറ്റിയ നീന്തൽ കുളത്തിന്റെ പുനർ നിർമ്മിതിക്ക് എത്ര തുക ഇതുവരെ ചെലവഴിച്ചു എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) തലസ്ഥാന നഗരിയിലെ വെള്ളയമ്പലത്ത് ഉണ്ടായിരുന്ന നീന്തൽ കുളത്തിന്റെയും അനുബന്ധ കെട്ടിടങ്ങളുടെയും വിപുലീകരണത്തിനായുള്ള പണികൾ 5-2-2010-ലാണ് തുടങ്ങിയത്. അന്നത്തെ സ്പോർട്സ്, നിയമ-പാർലമെന്ററികാര്യ മന്ത്രിയും, ജലവിഭവവകുപ്പ് മന്ത്രിയും പങ്കെടുത്ത മീറ്റിംഗിലാണ് ഇതിനായുള്ള തീരുമാനം കൈക്കൊണ്ടത്. ഈ പ്രവൃത്തിക്ക് 8,01,67,715 രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പൊളിച്ചു മാറ്റുന്നതിനും പ്രാരംഭ നിർമ്മാണ പ്രവർത്തനങ്ങൾക്കുമായി 56,59,329 രൂപ ചെലവായി.

(ബി) വിപുലീകരണത്തിന്റെ ഭാഗമായി പൈപ്പുകൾ മാറ്റുന്നതിനും അനുബന്ധ പണികൾക്കുമായി 1.5 കോടി രൂപ കേരള വാട്ടർ അതോറിറ്റി ആവശ്യപ്പെട്ട പ്രകാരം നൽകിയിട്ടുണ്ട്. 6-11-2009-ൽ കൂടിയ എംപവേർഡ് കമ്മിറ്റി യോഗത്തിലെ തീരുമാന പ്രകാരം സർക്കാരിന് നൽകിയ ശിപാർശയനുസരിച്ച് നിലവിലുള്ള പൈപ്പുലൈനുകൾ മാറ്റി സ്ഥാപിക്കാനായി 1.5 കോടി രൂപ വാട്ടർ അതോറിറ്റിക്ക് നൽകി ഡെപ്പോസിറ്റ് വർക്കായി ചെയ്യാൻ ഭരണാനുമതി നൽകി.

(സി) പൊളിച്ചുമാറ്റിയ നീന്തൽ കുളത്തിന്റെ പുനർനിർമ്മിതിക്ക് ഇതുവരെ 4,51,96,749 രൂപ ചെലവഴിച്ചു. ഫൈനൽ ബിൽ തയ്യാറാക്കി വരുന്നു. മൊത്തം ചെലവ് അതിനുശേഷമേ അന്തിമമായി നിശ്ചയിക്കാൻ കഴിയുകയുള്ളൂ.

നാഷണൽ ഗെയിംസിനായി വാങ്ങിയ ദിശാ ബോർഡുകൾ

299 (305) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 35-ാമത് നാഷണൽ ഗെയിംസിൽ ഉപയോഗിക്കുന്നതിനായി മുള കൊണ്ടു നിർമ്മിച്ച എത്ര ദിശാ ബോർഡുകൾ വാങ്ങി എന്നും ഓരോന്നിനും എത്ര വിലയുണ്ടെന്നും വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly